## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : ശ്രീ.V.S. വേണു, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ)

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് മിഷൻ - അങ്കണവാടികളുടെ സോഷ്യൽ ഓഡിറ്റ് ജില്ലാതലത്തിൽ സൂപ്പർവൈസർമാർക്ക് മാസ്റ്റർ ട്രെയിനർമാരായി പരിശീലനം നൽകുന്നതിനുള്ള ഫണ്ടും അനുമതിയും നൽകി ഉത്തരവാകുന്നു.

പരാമർശം:- 21.4.2017 ലെ സ.ഉ.(സാധാ) നം. 249/2017/സാനീവ

**ഉത്തരവ് നമ്പർ : ICDS.B1-4295/17 തീയതി :11.09.2017**

അങ്കണവാടികളുടെ സേവനങ്ങളെകുറിച്ച് ഗുണഭോക്താക്കളിലും പൊതു ജനങ്ങളിലും അവബോധം സൃഷ്ടിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഇടപെടലുകളിലൂടെ അങ്കണവാടികളുടെ പ്രവർത്തനങ്ങളിലെ സുതാര്യതയും അക്കൗണ്ടബിലിറ്റിയും മെച്ചപ്പെടുത്തുക, സമൂഹത്തിന്റെ ഇടപ്പെടലുകളിലൂടെ അങ്കണ വാടിയിലൂടെ നൽകുന്ന പ്രവർത്തനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നീ ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണ വാടികളേയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിന് അനുമതി നൽകിയും വാർഡ്തല സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിച്ചും മേൽ പരാമർശപ്രകാരം ഉത്തരവായിരുന്നു.

വകുപ്പ് തല മാസ്റ്റർ ട്രെയിനർമാരെ ഉപയോഗിച്ച് വാർഡ്തല സോഷ്യൽ ഓഡിറ്റ് ടീമിന് പരിശീലനം നൽകിക്കൊണ്ടാണ് അങ്കണവാടികളുടെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടപ്പിലാക്കുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ തിരഞ്ഞെടുത്ത സിഡിപിഒ മാർ , സൂപ്പർവൈസർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിങ്ങനെ 100 പേരെ മാസ്റ്റർ ട്രെയിനർമാരായി പരിശീലനം നൽകുകയും സംസ്ഥാനത്ത് തിരഞ്ഞെടുത്ത 100 പഞ്ചായത്തുകളിൽ ആദ്യഘട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. ഇതിന്റെ തുടർച്ചയായി രണ്ടാംഘട്ടമായി ശേഷിക്കുന്ന അങ്കണവാടികളെ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതുണ്ട്. ഇതിലേക്ക് സംസ്ഥാനത്തെ മാസ്റ്റർ ട്രെയിനർമാരല്ലാത്ത മുഴുവൻ സൂപ്പർവൈസർക്കും ജില്ലാതലത്തിൽ 18.9.2017 മുതൽ 20.9.2017 വരെ യുള്ള തിയതികളിൽ TOT മാരായി പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഐസിഡിഎസ് പ്രോജക്ട് ഓഫീസുകളിൽ പ്രവർത്തിക്കുന്ന 1327 സൂപ്പർവൈസർമാരിൽ നിന്നും 61 പേരെ തിരഞ്ഞെടുത്ത് മാസ്റ്റർ ട്രെയിനർമാരായി പരിശീലിപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 1266 സൂപ്പർവൈസർമാർക്ക് അതത് ജില്ലകളിൽ

S

നിലവിലുള്ള മാസ്റ്റർ ട്രെയിനർമാരായ സൂപ്പർവൈസർമാർ പരിശീലനം നൽകേണ്ടതാണ്. പ്രസ്തുത സൂപ്പർവൈസർമാരുടെ ലിസ്റ്റ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. ഇത്തരത്തിൽ അനുബന്ധം(1) പ്രകാരം ജില്ലയിൽ നിയോഗിച്ചിട്ടുള്ള മാസ്റ്റർ ട്രെയിനർമാർ നിലവിൽ പരാമർശിച്ചിരിക്കുന്ന ജില്ലയിലല്ല ജോലിനോക്കുന്നതെങ്കിലും ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള ജില്ലകളിൽ തന്നെ പരിശീലനം നൽകേണ്ടതാണ്. കൂടാതെ മാസ്റ്റർ ട്രെയിനർമാർ ഈ കാര്യാലയത്തിൽ നിന്നും അവരുടെ e-mail-ൽ നൽകിയിട്ടുള്ള കൈപുസ്തകം, slides എന്നിവയുടെ പ്രിന്റ് കൂടി പരിശീലനസമയത്ത് കൊണ്ട് വരേണ്ടതാണ്.

ഇപ്രകാരം സൂപ്പർവൈസർമാർക്ക് മാസ്റ്റർ ട്രെയിനർമാരായി ജില്ലാതലത്തിൽ പരിശീലനം നൽകുന്നതിലേക്കായി 2,92,890/- രൂപ ( രണ്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് അനുബന്ധം (2) ൽ സൂചിപ്പിക്കുംപ്രകാരം അനുവദിച്ച് ഉത്തരവാകുന്നു. പ്രോഗ്രാം ഓഫീസർമാർ അനുബന്ധം (3) -ൽ പരാമർശിക്കും പ്രകാരം തുക വിനിയോഗം നടത്തേണ്ടതാണ്. ജില്ലകളിൽ ലഭ്യമാകുന്ന ഹാൾ സൗകര്യത്തിന് അനുസൃതമായി ടി പരിശീലനം ഒറ്റ ബാച്ചായിട്ടോ അല്ലെങ്കിൽ രണ്ട് ബാച്ചുകളായോ നടത്താവുന്നതാണ്. ടി പരിശീലനം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാരുടെ മേൽ നോട്ടത്തിൽ നടത്തേണ്ടതും തുക വിനിയോഗം സംബന്ധിച്ച റിപ്പോർട്ട് , ഡോക്കുമെന്റേഷൻ എന്നിവ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

മേൽ വിവരിച്ച 2,92,890/- രൂപ ( രണ്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) നടപ്പുസാമ്പത്തിക വർഷത്തെ 2235-02-001-95(P) ശിർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ് :-

1) സൂപ്രണ്ട്, എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിന്)
2) ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
3) എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും
4) എല്ലാ സൂപ്പർവൈസർമാർക്കും (ശിശുവികസനപദ്ധതി ഓഫീസർ മുഖേന)

ഉത്തരവിൻപ്രകാരം
സൂപ്രണ്ട്

## അനുബന്ധം-1

### ജില്ലകളിൽ സോഷ്യൽ ഓഡിറ്റ് ട്രെയിനർമാരായി പരിശീലനം നൽകിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

| | | |
|---|---|---|
| തിരുവനന്തപുരം | 1 | ശ്രീമതി.കുമാരി ഷൈലജ, സിഡിപിഒ, നെടുമങ്ങാട് അഡീ. |
| | 2 | ശ്രീമതി.കല, സിഡിപിഒ, ചിറയിൻകീഴ് |
| | 3 | ശ്രീമതി.ദീപ എസ്. നായർ,സൂപ്പർവൈസർ, പാറശ്ശാല |
| | 4 | ശ്രീമതി.സരസ്വതി, സൂപ്പർവൈസർ, തിരു. അർബൻ-2 |
| കൊല്ലം | 1 | ശ്രീമതി.ഗീതാകുമാരി, പ്രോഗ്രാം ഓഫീസർ |
| | 2 | ശ്രീമതി. ശ്രീരഞ്ജിനി, സിഡിപിഒ, ശാസ്താംകോട്ട |
| | 3 | ശ്രീമതി.സുധാമണി.എസ്., സൂപ്പർവൈസർ, അഞ്ചൽ |
| | 4 | ശ്രീമതി. ജിനിചന്ദ്രൻ, സൂപ്പർവൈസർ, മുഖത്തല അഡീ. |
| പത്തനംതിട്ട | 1 | ശ്രീമതി.നീനാദാസ് ,സിഡിപിഒ,കോന്നി അഡീ. |
| | 2 | ശ്രീമതി.ബിന്ദു.വി.നായർ. സൂപ്പർവൈസർ, കോന്നി അഡീ. |
| | 3 | ശ്രീമതി.ഷെറീന. Y.S. , സൂപ്പർവൈസർ, റാന്നി ICDS |
| | 4 | ശ്രീമതി.ജ്യോതി ജയറാം, സൂപ്പർവൈസർ, മല്ലപ്പള്ളി |
| ആലപ്പുഴ | 1 | ശ്രീമതി. മിനിമോൾ.T.V. പ്രോഗ്രാം ഓഫീസർ |
| | 2 | ശ്രീമതി.സുഭദ്രാകുമാരി ,സിഡിപിഒ, ആലപ്പുഴ |
| | 3 | ശ്രീമതി.വിസ്മി.വിശ്വം, സൂപ്പർവൈസർ, ഭരണിക്കാവ് |
| | 4 | ശ്രീമതി.നജ്‌ലനബീസത്ത്, സൂപ്പർവൈസർ, അമ്പലപ്പുഴ ICDS |
| കോട്ടയം | 1 | ശ്രീമതി. ബബിത.സി. ബേബി, സൂപ്പർവൈസർ, ഉഴവൂർ |
| | 2 | ശ്രീമതി.ശ്രീമോൾ, സൂപ്പർവൈസർ, വൈക്കം |
| | 3 | ശ്രീമതി.രമ്യാനാരായണൻ, സൂപ്പർവൈസർ, ളാലം |
| | 4 | ശ്രീമതി.ബിബിത, സൂപ്പർവൈസർ, പള്ളം |
| ഇടുക്കി | 1 | ശ്രീമതി.ശാലിനി പ്രഭ, സിഡിപിഒ, ഇടുക്കി |
| | 2 | ശ്രീമതി.കവിത. P.R., സിഡിപിഒ, അഴുത |
| | 3 | ശ്രീമതി.ജമീല.M.U., സൂപ്പർവൈസർ, അടിമാലി |
| | 4 | ശ്രീമതി.ഷിജിമോൾ, സൂപ്പർവൈസർ, അഴുത |
| എറണാകുളം | 1 | ശ്രീമതി.സൈന.K.B., സിഡിപിഒ, ഇടപ്പള്ളി |
| | 2 | ശ്രീമതി.മനീഷ.T.A.,സൂപ്പർവൈസർ, പാറക്കടവ് |
| | 3 | ശ്രീമതി.ഡിഫ്ന, സൂപ്പർവൈസർ, ഇടപ്പള്ളി |
| | 4 | ശ്രീമതി.പ്രതിഭാമത്തായി, സൂപ്പർവൈസർ, കൂവപ്പടി |
| തൃശ്ശൂർ | 1 | ശ്രീമതി.ജയന്തി പി നായർ, സിഡിപിഒ, പഴയന്നൂർ |
| | 2 | ശ്രീമതി.ബിന്ദു.K.A., സൂപ്പർവൈസർ, മുല്ലശ്ശേരി |
| | 3 | ശ്രീമതി. സ്റ്റെല്ല. വി.ഡി., സൂപ്പർവൈസർ, മുല്ലശ്ശേരി |
| | 4 | ശ്രീമതി. ഗ്രേറ്റാ കുര്യൻ, സൂപ്പർവൈസർ, പുഴയ്ക്കൽ അഡീ. |
| പാലക്കാട് | 1 | ശ്രീമതി.ജയശ്രീ, സിഡിപിഒ., ചിറ്റൂർ |
| | 2 | ശ്രീമതി.ജയശ്രീ, സൂപ്പർവൈസർ, ഒറ്റപ്പാലം അഡീ. |
| | 3 | ശ്രീമതി.റുബീന, സൂപ്പർവൈസർ, പട്ടാമ്പി |
| | 4 | ശ്രീമതി.ഗീത.K.,സൂപ്പർവൈസർ, ശ്രീകൃഷ്ണപുരം |

| | | |
|---|---|---|
| മലപ്പുറം | 1 | ശ്രീമതി.ഗീതാഞ്ജലി, സിഡിപിഒ., മലപ്പുറം റൂറൽ |
| | 2 | ശ്രീമതി.കനകവല്ലി,സൂപ്പർവൈസർ, താനൂർ |
| | 3 | ശ്രീമതി.ഗ്രീഷ്മ, സൂപ്പർവൈസർ, കുറ്റിപ്പുറം അഡീ. |
| | 4 | ശ്രീമതി.മൈമൂന, സൂപ്പർവൈസർ, നിലമ്പൂർ അഡീ. |
| കോഴിക്കോട് | 1 | ശ്രീമതി.ഹഫ്സത്ത് T. പ്രോഗ്രാം ഓഫീസർ, കോഴിക്കോട് |
| | 2 | ശ്രീമതി.തസ്‌ലീന,സിഡിപിഒ, തോടന്നൂർ |
| | 3 | ശ്രീമതി. സബിത, സൂപ്പർവൈസർ, കോഴിക്കോട് അർബൻ-3 |
| | 4 | ശ്രീമതി.അഞ്ജലി, സൂപ്പർവൈസർ, കോഴിക്കോട് അർബൻ-2 |
| വയനാട് | 1 | ശ്രീമതി.സ്മിത.G.N., സിഡിപിഒ, കൽപ്പറ്റ |
| | 2 | ശ്രീമതി.സന്ധ്യ.R., സൂപ്പർവൈസർ, മാനന്തവാടി |
| | 3 | ശ്രീമതി. ജിജ M., സൂപ്പർവൈസർ, പനമരം അഡീ. |
| | 4 | ശ്രീമതി.ഗീത. N.P., സൂപ്പർവൈസർ, കൽപ്പറ്റ |
| കണ്ണൂർ | 1 | ശ്രീമതി.സുലഭ, സിഡിപിഒ., കൂത്തുപറമ്പ് |
| | 2 | ശ്രീമതി.ഗീതു. M.P., സൂപ്പർവൈസർ, പയ്യന്നൂർ |
| | 3 | ശ്രീമതി.നിമ്മി, സൂപ്പർവൈസർ, തളിപ്പറമ്പ് |
| | 4 | ശ്രീമതി.ഉദയകുമാരി, സൂപ്പർവൈസർ, തളിപ്പറമ്പ് അഡീ-2 |
| കാസർഗോഡ് | 1 | ശ്രീമതി.ആൻഡ്രാർലി വർഗീസ്, സിഡിപിഒ, പരപ്പ അഡീ. |
| | 2 | ശ്രീമതി.ശാന്തി K.P., സൂപ്പർവൈസർ, കാഞ്ഞങ്ങാട് അഡീ. |
| | 3 | ശ്രീമതി.ബേബി P., സൂപ്പർവൈസർ, കാഞ്ഞങ്ങാട് |
| | 4 | ശ്രീമതി.ലതിക , സൂപ്പർവൈസർ, നീലേശ്വരം അഡീ. |

(signature)

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

## അനുബന്ധം-2

| ക്രമനം | ജില്ല | പങ്കെടുക്കേണ്ട സൂപ്പർവൈസർമാരുടെ എണ്ണം | ജില്ലാപ്രോഗ്രാം ഓഫീസർമാർക്ക് അനുവദിക്കുന്ന തുക( No.of supervisors x125+No.of supervisors x40+ 6000) |
|---|---|---|---|
| 1 | തിരുവനന്തപുരം | 109 | 23985 |
| 2 | കൊല്ലം | 102 | 22830 |
| 3 | പത്തനംതിട്ട | 55 | 15075 |
| 4 | ആലപ്പുഴ | 82 | 19530 |
| 5 | കോട്ടയം | 76 | 18540 |
| 6 | ഇടുക്കി | 79 | 19035 |
| 7 | എറണാകുളം | 108 | 23820 |
| 8 | തൃശ്ശൂർ | 112 | 24480 |
| 9 | പാലക്കാട് | 108 | 23820 |
| 10 | മലപ്പുറം | 137 | 28605 |
| 11 | കോഴിക്കോട് | 100 | 22500 |
| 12 | വയനാട് | 43 | 13095 |
| 13 | കണ്ണൂർ | 95 | 21675 |
| 14 | കാസർഗോഡ് | 60 | 15900 |
| ആകെ | | | **292890** |

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

## അനുബന്ധം-3

## ബഡ്ജറ്റ് എസ്റ്റിമേറ്റ്

1. ഉച്ചഭക്ഷണം, ചായ, സ്നാക്സ് @ 125/head - No.of Supervisors xRs.125
2. റൈറ്റിംഗ് പാഡ് & pen@40/head -No.of Supervisorsx Rs. 40

| | | |
|---|---|---|
| 3.ഹാൾ വാടക ജില്ല ഒന്നിന് | -Rs. 2000 | Rs. 6000/- |
| 4.പ്രോജക്ടർ വാടക ജില്ല ഒന്നിന് | -Rs.2000 | |
| 5.ഡോക്കുമെന്റേഷൻ, മറ്റിനങ്ങൾ | -Rs.2000 | |

സാമൂഹ്യനീതി ഡയറക്ടർ ഇൻചാർജ്.